# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5697** **09/07/2012 ൽ മറുപടിക്ക്**

## ഏരിയാ ഇന്റൻസീവ് പ്രോഗ്രാം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കേന്ദ്രസർക്കാരിന്റെ ഏരിയ ഇന്റൻസീവ് പ്രോഗ്രാമിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളെ സംബന്ധിച്ച് സർക്കാർ കൈക്കൊണ്ട തീരുമാനമെന്താണ് എന്ന് വ്യക്തമാക്കാമോ; ഏതു ദിവസത്തെ ക്യാബിനറ്റ് യോഗത്തിലായിരുന്നു പ്രസ്തുത തീരുമാനം കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ക്യാബിനറ്റ് യോഗത്തിൽ പങ്കെടുത്ത മന്ത്രിമാർ ആരെല്ലാം എന്ന് വ്യക്തമാക്കുമോ; | എ) | സർക്കാർ തലത്തിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ട് ഉത്തരവിറക്കിയിട്ടില്ല. എന്നാൽ 13.6.2012 ലെ ക്യാബിനറ്റ് യോഗത്തിൽ പ്രസ്തുത സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള ശുപാർശയും പരിഗണിച്ചിരുന്നു. അന്നേ ദിവസത്തെ ക്യാബിനറ്റ് യോഗത്തിൽ പങ്കെടുത്ത മന്ത്രിമാരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത സ്കുളുകളെ സംബന്ധിച്ച് ക്യാബിനറ്റിൽ തീരുമാനിച്ച കാര്യങ്ങൾ ക്യാബിനറ്റ് യോഗ കുറിപ്പ് എന്ന നിലയിൽ മുഖ്യമന്ത്രിയുടെ വെബ് സൈറ്റിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) | യോഗ തീരുമാനങ്ങൾ ബഹു. മുഖ്യമന്ത്രി വിശദീകരിച്ചിട്ടുണ്ട്. |
| സി) | എങ്കിൽ ഇതിന് വ്യത്യസ്തമായി സഭയിൽ ധനാഭ്യർത്ഥന ചർച്ചാ വേളയിൽ മന്ത്രി മറുപടി നൽകിയത് എന്തുകൊണ്ട് എന്ന് വിശദമാക്കാമോ ; | സി) | എയ്ഡഡ് പദവി നൽകുന്നതിനുള്ള ശുപാർശയാണ് 13.6.2012 ലെ ക്യാബിനറ്റ് യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചത്. ധനാഭ്യർത്ഥന ചർച്ചക്കുള്ള മറുപടിയിലും ഇക്കാര്യംതന്നെയാണ് വിശദമാക്കിയത് |
| ഡി) | മന്ത്രിയുടെ പ്രസ്താവനയ്ക്കെതിരെ ഭരണപക്ഷത്തെ ഏതെങ്കിലും എം.എൽ.എ. ചാനലിലൂടെ പ്രതികരിച്ചിട്ടുണ്ടോ; എങ്കിൽ അത് ആരായിരുന്നു എന്നും ചാനലിലൂടെ അദ്ദേഹം പറഞ്ഞത് എന്തായിരുന്നു എന്നും വ്യക്തമാക്കാമോ ; | ഡി) | വിശദാംശങ്ങൾ ലഭ്യമല്ല |

(......2)

| | | | |
|---|---|---|---|
| ഇ) | ജൂൺ 13-ലെ പ്രസ്തുത ക്യാബിനറ്റ് തീരുമാനമനുസരിച്ച് സർക്കാർ പ്രസ്തുത സ്കൂളുകളുടെ കാര്യത്തിൽ സ്വീകരിക്കാൻ പോവുന്ന തുടർനടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ? | ഇ) | ധനകാര്യ വകുപ്പിന്റെ അഭിപ്രായമറിഞ്ഞതിനുശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പങ്കെടുത്തവർ:

ശ്രീ. ഉമ്മൻചാണ്ടി, മുഖ്യമന്ത്രി
ശ്രീ. പി.കെ.അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പ് മന്ത്രി.
ശ്രീ. അടൂർ പ്രകാശ്,
റവന്യൂ-കയർ വകുപ്പ് മന്ത്രി.
ശ്രീ. എ.പി.അനിൽകുമാർ,
പട്ടികജാതി-പിന്നോക്കവിഭാഗ ക്ഷേമ-വിനോദസഞ്ചാര വകുപ്പ് മന്ത്രി.
ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യ-പൊതുവിതരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി.
ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജ-ഗതാഗത വകുപ്പ് മന്ത്രി.

ശ്രീ. സി.എൻ.ബാലകൃഷ്ണൻ,
സഹകരണ വകുപ്പ് മന്ത്രി.
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്,
പൊതുമരാമത്ത് വകുപ്പ് മന്ത്രി.
ശ്രീ. കെ.ബി.ഗണേഷ്കുമാർ,
വനം-സ്പോർട്സ്-സിനിമാ വകുപ്പ് മന്ത്രി.
കുമാരി. പി.കെ.ജയലക്ഷ്മി,
പട്ടികവർഗ്ഗ ക്ഷേമ-യുവജനകാര്യ-മ്യൂസിയം- മൃഗശാല വകുപ്പ് മന്ത്രി
ശ്രീ. കെ.സി.ജോസഫ്,
ഗ്രാമവികസന-ആസൂത്രണ-സാംസ്കാരികകാര്യ വകുപ്പ് മന്ത്രി.
ശ്രീ. പി.ജെ.ജോസഫ്,
ജലവിഭവ വകുപ്പ് മന്ത്രി.
ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി,
വ്യവസായ- വിവരസാങ്കേതികവിദ്യാ വകുപ്പ് മന്ത്രി.
ശ്രീ. കെ.എം.മാണി,
ധനകാര്യ-നിയമ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി
ശ്രീ. മഞ്ഞളാംകുഴി അലി,
നഗരകാര്യ-ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി.
ശ്രീ. കെ.പി.മോഹനൻ,
കൃഷി-മൃഗസംരക്ഷണ-പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പ് മന്ത്രി.
ഡോ.എം.കെ.മുനീർ,
പഞ്ചായത്ത് - സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
ശ്രീ. ഷിബുബേബിജോൺ, തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി.
ശ്രീ. വി.എസ്.ശിവകുമാർ, ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി.
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
ആഭ്യന്തര-വിജിലൻസ് വകുപ്പ് മന്ത്രി.

(ഒപ്പ്)
സെക്ഷൻ ഓഫീസർ.